# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ : 0471 2727378,0471 2727379** email : obcdirectorate@gmail.com

---

**BCDD-B2-1288/2017(1)** ഭരണഭാഷ - മാതൃഭാഷ തീയതി : 17/05/2017

## നോട്ടിഫിക്കേഷൻ

വിഷയം : പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള തൊഴിൽ നവീകരണ ഗ്രാന്റ് (2017-18)

സൂചന : 1) സ.ഉ.(കൈ)നമ്പർ-15/2015/പിസവിവ. തീയതി: 01/12/2015.

2) സ.ഉ(സാധാ) നമ്പർ. 20/2017/പി.സ.വി.വ തീയതി: 22/02/2017.

********

**സം**സ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന ***"ബാർബർ ഷോപ്പുകൾ നവീകരണത്തിനുള്ള സഹായം"*** എന്ന പദ്ധതിക്ക് 2017-18 വർഷത്തേയ്ക്ക് അർഹതയുള്ള അപേക്ഷകരിൽ നിന്ന് ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ (OBC) ഉൾപ്പെട്ടവരും പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ അധികരിക്കരുത്.

**അറുപത് വയസ്സ് കഴിഞ്ഞവർ ടി ആനുകൂല്യത്തിന് അപേക്ഷിക്കേണ്ടതില്ല.** അപേക്ഷ കർക്കുള്ള പരമാവധി ഗ്രാന്റ് 25000/- രൂപ ആയിരിക്കും.

അപേക്ഷകൾ പൂരിപ്പിച്ച് ചുവടെ രേഖപ്പെടുത്തുന്ന സാക്ഷ്യപത്രങ്ങൾ സഹിതം സ്ഥാപനം പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്.

1. അപേക്ഷാഫോം പൂർണ്ണമായി പൂരിപ്പിക്കേണ്ടതും, പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതുമാണ്.
2. ജാതി സർട്ടിഫിക്കറ്റ്.
3. വരുമാന സർട്ടിഫിക്കറ്റ്.
4. തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും സെക്രട്ടറിയിൽ നിന്നും വാങ്ങാവുന്നതാണ്.)
5. റേഷൻ കാർഡിന്റെ പകർപ്പ്.
6. ഇലക്ഷൻ തിരിച്ചറിയൽ കാർഡ്.
7. ആധാർ കാർഡിന്റെ പകർപ്പ്.
8. കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/ വാടക ചീട്ടിന്റെ പകർപ്പ്.

(മറുപുറം)

## ഗ്രാമപഞ്ചായത്ത് അപേക്ഷയിൽ സ്വീകരിക്കേണ്ട നടപടികൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പ്രമോട്ടറുടെ സഹായത്താൽ പരിശോധിച്ച് അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാക്രമം നിശ്ചയിച്ചതിനുശേഷം ഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി പട്ടികയും അപേക്ഷകളും പട്ടികജാതി പ്രമോട്ടർമാർ വഴി ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായി പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി **2017 ജൂൺ 25** ആണ്.

### പട്ടികജാതി പ്രമോട്ടർമാർക്കുള്ള നിർദ്ദേശം

പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ പരമാവധി ബന്ധപ്പെട്ടവരെ അറിയിക്കാൻ ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. ഓരോ ഗ്രാമ പഞ്ചായത്തിലും ലഭ്യമായ അപേക്ഷകൾ കൃത്യമായി കട സന്ദർശിച്ച് പരിശോധിച്ച് അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്കനുസരിച്ച് സുതാര്യമായി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്തിനെ സഹായിക്കേണ്ടതാണ്. ക്ഷേമ കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകരിക്കുന്ന മുൻഗണനാ പട്ടികയും അപേക്ഷകളും ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് **2017 ജൂലൈ 10 നകം** എത്തിക്കേണ്ടതാണ്.

### ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കുള്ള നിർദ്ദേശം

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും എസ്.സി. പ്രമോട്ടർ വഴി ലഭിക്കുന്ന അപേക്ഷകളും മുൻഗണനാ പട്ടികകളും പിന്നാക്ക സമുദായ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് **2017 ജൂലൈ 20 നകം** ലഭ്യമാക്കേണ്ടതാണ്. **തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകളും പട്ടികയും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം, പിൻ-682030, ഫോൺ: 0484-2429130 എന്ന വിലാസത്തിലും തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷയും പട്ടികയും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020, ഫോൺ: 0495-2377786 എന്ന വിലാസത്തിലും അയക്കേണ്ടതാണ്.**

പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ ഓഫീസിലെ **0471-2727379** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടാൽ ലഭ്യമാകുന്നതാണ്.

(ഒപ്പ്)

**ഡയറക്ടർ**

പിന്നാക്ക വിഭാഗ വികസന വകുപ്പ്

BCDD/B2/1288/17

ഫോട്ടോ

കേരള സർക്കാർ

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

# ബാർബർ തൊഴിലാളികൾക്ക് തൊഴിൽ നവീകരണ ഗ്രാന്റ് അപേക്ഷാഫോം

| | | | | |
|---|---|---|---|---|
| 1. | അപേക്ഷകന്റെ പേര് | | | |
| 2. | അച്ഛൻ/അമ്മയുടെ പേര് | | | |
| 3. | a) സ്ഥിരം മേൽവിലാസം<br><br>ഫോൺ നമ്പർ: | b) സ്ഥാപനത്തിന്റെ മേൽവിലാസം<br><br>ഫോൺ നമ്പർ: | | |
| 4. | വയസ്സ് / ജനനതീയതി | | | |
| 5. | (a) ജാതി (b) മതം | a) | b) | |
| 6. | കുടുംബ വാർഷികവരുമാനം<br>*(വരുമാന സർട്ടിഫിക്കറ്റ് പ്രകാരം)* | | | |
| 7. | ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നമ്പർ | | | |
| 8. | ആധാർ നമ്പർ. | | | |
| 9. | റേഷൻ കാർഡ് നമ്പർ (*നിർബന്ധം*) | | **APL** | **BPL** |
| 10. | അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്ത് | | | |
| 11. | നിയമസഭാ മണ്ഡലം | | | |
| 12. | ബാർബർഷോപ്പ് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് | | | |
| 13. | ഗ്രാമപഞ്ചായത്തിൽ നിന്നുളള ലൈസൻസ് നമ്പർ | | | |
| 14. | എത്രവർഷമായി ടി ജോലി ചെയ്യുന്നു | | | |
| 15. | കടയിൽ നിലവിലെ സീറ്റുകളുടെ എണ്ണം | | | |
| 16. | സ്വന്തകെട്ടിടമോ/ വാടക കെട്ടിടമോ | | | |
| 17. | കെട്ടിട നമ്പർ | | | |
| 18. | കുടുംബാംഗങ്ങളുടെ എണ്ണം<br>(റേഷൻകാർഡിന്റെ പകർപ്പ് വയ്ക്കണം) | | | |
| 19. | കുടുംബത്തിൽ ഭിന്നശേഷി ഉളളവർ ഉണ്ടോ | | | |
| 20. | ഉണ്ടെങ്കിൽ ശേഷിയുടെ തരം | | | |
| 21. | കുടുംബത്തിൽ മാരക രോഗങ്ങൾ ബാധിച്ചവർ ഉണ്ടോ | | | |
| 22. | ഉണ്ടെങ്കിൽ രോഗം | | | |

(മറുപുറം)

ബാർബർഷോപ്പിലേക്ക് എത്തിച്ചേരുന്നതിനുള്ള വഴി (അടുത്ത ബസ് സ്റ്റാന്റ്/റെയിൽവേ സ്റ്റേഷൻ എന്നിവ ഉൾപ്പടെ)

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും എനിക്കോ ഈ സ്ഥാപനത്തിനോ ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ലായെന്നും ഞാൻ ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി: അപേക്ഷകന്റെ പേരും ഒപ്പും

** അപേക്ഷ, സ്ഥാപനം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക.*

** ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.*

---

## ഗ്രാമപഞ്ചായത്തിന്റെ ശിപാർശ

.......................................... ഗ്രാമപഞ്ചായത്തിൽ .............................. നമ്പരായി പ്രവർത്തിക്കുന്ന ബാർബർഷാപ്പിന്റെ ഉടമ ശ്രീ ............................................. ക്ക് ............... തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിലെ ............... നമ്പർ തീരുമാന പ്രകാരം സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ **2017-18** ലെ ബാർബർഷോപ്പ് നവീകരണ പദ്ധതിയ്ക്കുള്ള ഗുണഭോക്താവായി ശിപാർശ ചെയ്യുന്നു.

തീയതി :

സ്ഥലം : (ഓഫീസ് സീൽ) സെക്രട്ടറിയുടെ പേരും, ഒപ്പും സീലും

***തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡവും മാർക്കും***

| | | |
|---|---|---|
| *ബി.പി.എൽ കുടുംബം* | – | ***20*** |
| *രണ്ടു പെൺകുട്ടികൾ ഉള്ള കുടുംബം* | – | ***10*** |
| *രണ്ടിൽ കൂടുതൽ പെൺകുട്ടികൾ* | – | ***10*** |
| *മൂന്നു സീറ്റിൽ താഴെ* | – | ***20*** |
| *ഭിന്നശേഷി ഉള്ളവർ* | – | ***20*** |
| *10-15 വർഷത്തെ പ്രവൃത്തിപരിചയം* | – | ***6*** |
| *16-20 വർഷത്തെ പ്രവൃത്തിപരിചയം* | – | ***8*** |
| *20 വർഷത്തിൻമേൽ* | – | ***10*** |

***ആകെ മാർക്ക് ................. (100 ൽ എത്രയെന്ന് എഴുതുക)***

***(ഒന്നിലേറെ പേർക്ക് തുല്യ മാർക്ക് കിട്ടുകയാണെങ്കിൽ കുടുംബ വാർഷിക വരുമാനം കുറഞ്ഞവർക്ക് മുൻഗണന)***